# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

## പത്രക്കുറിപ്പ്

**കാലിക്കറ്റ് സർവ്വകലാശാലയിലെ പഠന വകുപ്പുകളിലെയും, അഫിലിയേറ്റഡ് കോളേജുകൾ, യൂണിവേഴ്സിറ്റി സെന്ററുകൾ എന്നിവിടങ്ങളിലെയും പ്രവേശനപരീക്ഷകളുള്ള ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു**

കാലിക്കറ്റ് സർവ്വകലാശാലയുടെ പഠനവകുപ്പുകളിലെ ബിരുദാനന്തര ബിരുദ പ്രവേശന പരീക്ഷക്കും, സ്വാശ്രയ സെന്ററുകൾ, അഫിലിയേറ്റഡ് കോളേജുകൾ എന്നിവയിലെ പ്രവേശന പരീക്ഷ മുഖാന്തരം പ്രവേശനം നടത്തുന്ന ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനപരീക്ഷക്കും ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഓൺലൈനായി രജിസ്റ്റർ ചെയ്യാൻ 12.04.2019 വരെ സൗകര്യമുണ്ടായിരിക്കുന്നതാണ്. സർവ്വകലാശാലയുടെ പഠനവകുപ്പുകളിൽ എം.എഡ്. ഒഴികെയുള്ള കോഴ്സുകളിലേക്ക് പ്രവേശനപരീക്ഷ മുഖേനയാണ് പ്രവേശനം നടത്തുന്നത്. വിജ്ഞാപന പ്രകാരം വിവിധ കോഴ്സുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ളവർക്കും ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. അപേക്ഷാഫീസ്: ജനറൽ വിഭാഗത്തിന് 350/- രൂപ. എസ്.സി/എസ്.ടി. 150/- രൂപ. ഓൺലൈനായി ഏപ്രിൽ 12 വരെ ഫീസ് അടക്കാനും രജിസ്ട്രേഷൻ ചെയ്യാനുമുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. പ്രവേശന യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കുന്നവർ ഓരോ അധിക പ്രോഗ്രാമിനും 50/- രൂപ വീതം അടവാക്കണം.

അഫിലിയേറ്റഡ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകൾ ഉൾപ്പെടെ എല്ലാ വിഭാഗം സീറ്റുകളിലേക്കുമുള്ള പ്രവേശനം പ്രവേശന പരീക്ഷ റാങ്ക്‌ലിസ്റ്റിൽ നിന്ന് മാത്രമായിരിക്കും നടത്തുക. ആയതിനാൽ പ്രവേശന പരീക്ഷ റാങ്ക്‌ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മാത്രമായിരിക്കും പ്രവേശന പരീക്ഷ മുഖാന്തരമുള്ള ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നത്.

പ്രവേശനം സംബന്ധിച്ച സുപ്രധാന വിവരങ്ങൾ ഓൺലൈൻ ഫീ അടയ്ക്കുമ്പോൾ നല്കിയ മൊബൈൽ ഫോൺ നമ്പറിലേക്കായിരിക്കും അയയ്ക്കുക. ആയതിനാൽ, ഓൺലൈൻ രജിസ്ട്രേഷനായി ഫീ അടയ്ക്കുമ്പോഴും ഓൺലൈൻ രജിസ്ട്രേഷൻ നടത്തുമ്പോഴും വിദ്യാർത്ഥികൾ അവരുടെ സ്വന്തം അല്ലെങ്കിൽ രക്ഷിതാക്കളുടെയോ മാത്രം മൊബൈൽ ഫോൺ നമ്പർ നൽകേണ്ടതാണ്.

ഓൺലൈൻ പ്രിന്റ്ഔട്ട് സർവ്വകലാശാലയിലേക്ക് അയക്കേണ്ടതില്ല.

പ്രവേശന വിജ്ഞാപനം, പ്രവേശന പരീക്ഷാ സമയക്രമം തുടങ്ങിയ വിശദവിവരങ്ങൾക്ക് www.cuonline.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഫോൺ : 0494 2407016, 2407017.

ഡയറക്ടർ

C.U. Campus
22.03.2019